ശബ്ദ ഘോഷങ്ങളാവും...

ഒന്നിച്ചോണം, ഒന്നായോണം

ജി പോൾ

കൊ● നാളെ നമുക്ക് ഓണമാണ്. കലണ്ടർ കയ്യിൽ കിട്ടിയ ആദ്യം നോക്കുന്ന തീയതി. ഇന്ന്, സദ്യവട്ടങ്ങൾക്ക് പുതുകോടികൾക്കുമായി നടത്തുന്ന ഉത്രാടപ്പാച്ചിൽ ഓണത്തീയതി ഓർമപ്പെടുത്തേണ്ടി വന്നിരിക്കുന്നു. ന്നത് ഒരു പക്ഷേ, മലയാളത്തിന് ആദ്യ അനുഭവമാ.

ഇതു കണ്ണ രാണം, ഇതുപോലൊരു ഓണം മലയാളം കണ്ടിട്ടു ാവില്ല, ഉണ്ടിട്ടുമുണ്ടാവില്ല. ഒരു തുമ്പപ്പൂപോലും ലയുയർത്താതെ, സൂര്യപ്രകാശത്തിലേക്കു കൺ റന്ന് ഒരു കാക്കപ്പൂ പോലും വിടരാതെ, എല്ലാ ഇല ളും പ്രളയത്തിൽ മുങ്ങിത്തോർന്നു കരിഞ്ഞുണങ്ങി പസാദത്തിന്റെ കാഴ്ചകളില്ലാത്ത ഓണം. ചെളിയിൽ ുതഞ്ഞ തെച്ചിപ്പൂക്കൾ നിലത്തടിഞ്ഞു കിടക്കുന്നു. ആനക്കൊമ്പുപോലെ വിരിഞ്ഞുനിൽക്കേണ്ട നേന്ത്ര ുലകൾ ഒടിഞ്ഞു തൂങ്ങിയിരിക്കുന്നു

പാച്ചിലിലാണ് കുറേപ്പേർ. ാർത്ത ഇടത്തിൽ പ്രളയജലം കൊണ്ടിട്ട ചെളിയും മ ും നീക്കാനുള്ള നെട്ടോട്ടം; സർവം നശിച്ചവർ എന്ത് ചെയ്യുമെന്ന വേദനയിലും. അവിടെയും സഹജീവിയ ടെ നൊമ്പരത്തിൽ പങ്കുചേരുന്നു, ഓണമുണ്ണാതെ ക പ്പിറപ്പിനുവേണ്ടി പ്രയത്നം നടത്തുന്ന മനുഷ്യർ. ഒരു ക്ഷേ, ഇതാവും ഓണത്തേക്കാൾ മഹാബലിത്തമ്പുര ന സന്തോഷിപ്പിക്കുന്ന കാഴ്ച. നാനാതരം കറികളും പ്പേരിയും പപ്പടവും പായസവും കൂട്ടി നിറവയറുണ്ണുന്ന സദ്യയുണ്ടാകാനിടയില്ല.പലയിടത്തും ഉരിയരി കഞ്ഞിവയ്ക്കാൻ കലംപോലും പല വീടുകളിലും ബാക്കിയുണ്ടാവില്ല. കാണം വിറ്റും ഓണമുണ്ടു ശീലമുള്ള മലയാളിക്ക് ഇക്കുറി വിൽക്കാൻ കാണം പേലുമില്ലാത്ത സ്ഥിതി. പക്ഷേ, ഏതൊക്കെയോ സ്നേഹമനസ്സുകളുടെ കാരുണ്യത്താൽ ഈ ഓണവും കടന്നു പോകും.

ഇറങ്ങിപ്പോന്ന

ദുരിതത്തിന്റെ ഈ നാളുകളിലും വീട്ടിൽ എന്തെങ്കിലും പാകംചെയ്ത് ഓണം ഉണ്ണണമെന്ന് ആഗ്രഹമുള്ളവരാണു ദുരിതാശ്വാസ ക്യാംപിൽ കഴിയുന്ന ബഹുഭൂരിപക്ഷവും. അതിനുള്ള അത്യധ്വാനം അവർ നടത്തുന്നു. സുമനസ്സുകളായ ആയിരങ്ങൾ അവർക്കു സഹായത്തിനായി നാടെങ്ങും ഉണ്ട്. വീടുകളിൽ ചെല്ലുമ്പോഴുള്ള കാഴ്ചകൾ ദയനീയം. വൈദ്യുതിയില്ല, വെള്ളമില്ല, വീട്ടു സമാനങ്ങളൊന്നുമില്ല. എന്തിനേറെ, ഒന്നു തലചായ്ക്കാൻ ഉണങ്ങിയ പായ് പോലുമില്ല. അഴുക്കും ചെളിയും നിറഞ്ഞ വീടുകളിൽനിന്നു ദുർഗന്ധം വമിക്കുന്നു.

തൊഴുത്തിൽ മധുരസ്വരം ഉയർത്തിയിരുന്ന പശുക്കളില്ല. മനുഷ്യന്റെ ജീവൻ മാത്രമേ രക്ഷിക്കാനായുള്ളൂ. വെള്ളം മുങ്ങിയ പ്രദേശങ്ങളിലെ ആയിരക്കണക്കിനു വളർത്തു മൃഗങ്ങളും പക്ഷികളും ഇല്ലാതായി. തൊഴുത്തിലും പറമ്പിലും വീടിനുള്ളിലും വളർത്തിയിരുന്നവ. കൂടിനുള്ളിലും അല്ലാതെയുമായി കിടന്നവ. ഉടമകളാരുമില്ലാതെ തെരുവിൽ വിലസി നടന്ന നായ്ക്കളും പൂച്ചകളും എവിടെയോ മറഞ്ഞു

നാൽക്കാലികൾ പലതും ബന്ധിക്കപ്പെട്ടിരുന്നു. ഞങ്ങൾ തിരിച്ചുവരും, നിങ്ങൾ സുരക്ഷിതരായിരിക്കൂ എന്നു നിശ്ശബ്ദമായി അവരോടു പറഞ്ഞ് ഇറങ്ങിയതാണ് നാം. വരാൻ വൈകി, അവയെ രക്ഷപ്പെടുത്താനായില്ല. പാൽ ചുരത്തിയും സ്നേഹത്താൽ കാലിലുരുമ്മി നടന്നും നമ്മുടെ ജീവിതത്തിനു കരുത്തും സ്നേഹവും പങ്കുവച്ച വളർത്തു മൃഗങ്ങൾ ഈ ഓണത്തിന് ഒപ്പമില്ല. പലരുടെയും ജീവനോപാധി കൂടിയായിരുന്നു അവ.

പച്ചടി, കിച്ചടി, കാളൻ

കൊതി പിടിക്കേണ്ട, പച്ചക്കറിക്കടകളിൽ വേണ്ടത്ര സാധനമില്ല. തമിഴ്നാട്ടിൽ പച്ചക്കറിയുണ്ട്. കേരളത്തിലേക്ക് എളുപ്പം കൊണ്ടുവരാനാവുന്നില്ല. റോഡുകളെല്ലാം തകരാറിൽ. എത്ര ലോഡ് പച്ചക്കറി വന്നാലും തികയാത്ത ആഘോഷമായിരുന്നു ഓണം. വില പി

ന്നു, ആയിരക്കണക്കിനു നേന്ത്ര വാഴക്കുലകൾ കാത്തുവച്ചിരുന്നു. ഉപ്പേരിയും ശർക്കരവരട്ടിയുമായി അതെല്ലാം മുന്നിലേക്കെത്തേണ്ട സമയമായിരുന്നു

ഒന്നോ രണ്ടോ ദിവസം മാത്രമാണു വെള്ളം നിറഞ്ഞു കിടന്നതെങ്കിൽ ഇതെല്ലാം കുറച്ചെങ്കിലും തിരിച്ചുകിട്ടുമായിരുന്നു. നാല്-അഞ്ചു ദിവസം വെള്ളത്തിൽ മുങ്ങിയതോടെ മണ്ണിനടിയിലുള്ളതും മുകളിലുള്ളതുമായ പച്ചക്കറികൾ എല്ലാം നശിച്ചു. ഇതിന്റെ നഷ്ടമൊന്നും തിട്ടപ്പെടുത്താനായിട്ടില്ല.

വ്യാപാര നഷ്ടം

പ്രളയം കയറിയിറങ്ങിപ്പോയ വഴിയേയുള്ള നഷ്ടം ജീവനും വീടുകൾക്കും കൃഷിക്കും മാത്രമല്ല. കോടിക്കണക്കിനു രൂപയുടെ വ്യാപാര നഷ്ടമാണുണ്ടായത്. വെള്ളം കയറിത്തുടങ്ങിയതോടെ പല വ്യാപാരികളും കടകൾ തുറന്നിട്ടു കൊടുത്തു. വെള്ളം കയറി നശിക്കുന്നതിലും നല്ലതാണല്ലോ ജനങ്ങൾക്കു വെറുതേ കൊടുക്കുന്നത് എന്ന മനസ്സോടെ. ചില കടകൾ കൊള്ളയടിക്കപ്പെട്ടു. ഓണക്കച്ചവടത്തിനു പണം കടമെടുത്തും സ്റ്റോക്ക് സൂക്ഷിച്ചവർ തകർന്നു. പതിനായിരങ്ങൾ വിലയുള്ള ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ മുതൽ അരിയും പഞ്ചസാരയും തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ വരെ നശിച്ചു. ലക്ഷങ്ങൾ വിലയുള്ള വാഹനങ്ങൾ നശിച്ചു. അവർക്കും ഇതു കയ്പ്പുള്ള ഓണമാണ്.

എങ്കിലും, ഉള്ളിന്റെ ഉള്ളിൽ നമുക്ക് ഓണമുണ്ടാവും. ഏതു കൂരിരുളിലും പ്രത്യാശയുടെ ഒരുതരി വെളിച്ചം മുന്നിലുണ്ടാവും. എല്ലാവരും ഒരുമയോടെ, സന്തോഷത്തോടെ കഴിഞ്ഞൊരു മാവേലി നാടിന്റെ ഓർമ. ആ ഓർമയാണു നമുക്ക് ഓണം. സ്നേഹത്തിൽ വെന്തൊരു വറ്റ്, നമുക്ക് സദ്യയാണ്. കണ്ണീരുപ്പ് നൂറുതരം കറികളാണ്. ആരും പട്ടിണിയാവരുതെന്ന സഹജീവിയുടെ കരുതലാണ് ഓണനിലാവ്. അപ്പോൾ പൂവിളികളും പൂക്കളങ്ങളും മനസ്സിലുണ്ടാവും. ദുഃഖത്തിലും ദുരിതത്തിലും നാശങ്ങളിലും

ഓണം ഓഫറുമ
ബ്രാന്റഡ് വസ്ത്ര
ഓണാശംസകൾ
ഹോട്ടൽ അവന്യൂ റീജന്റ്, പ
ഓണം പ്രമാണിച്ച് 3 ദിവസത്തേ
5% അഡീഷണൽ ഡിസ്കൗണ
കേരളത്തിന്റെ ദേശീയോത്സവമായ ഓണം പ്രമാണിച്ച് 5% അഡീഷണൽ ഓഫറുകളുമാ
യുള്ള ഷർട്ടുകൾ, 1089 മു
വിലയുള്ള ട്രൗസറുകൾ